

# ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിനോടുള്ള ഒരു പ്രാർത്ഥന

(ദൈവമാതാവിനോട് അപേക്ഷിച്ചാൽ ഒരിക്കലും പ്രതിഫലം ലഭിക്കാതിരിക്കില്ലെന്ന് പരിശുദ്ധനായ മോർ ഗ്രീഗോറിയോസ് ബാർ എബ്രായ പറഞ്ഞിരിക്കുന്നു. പൂർവ്വ പിതാക്കന്മാർ രോഗപീഡ, പിശാചുബാധ, ഞെരുക്കം, മനോവേദന മുതലായ സങ്കടനിവൃത്തിക്കും കാര്യ സാദ്ധ്യങ്ങൾക്കുംവേണ്ടി ദൈവമാതാവിനോടുള്ള ഈ പ്രാർത്ഥന നടത്തുക പതിവാണ്.)

പിതാവായ ദൈവത്തിന്റെ ഇഷ്ടപുത്രിയായ മാതാവേ! നിനക്കു സമാധാനം
ദൈവപുത്രന്റെ മാതാവേ!നിനക്കു സമാധാനം.
പരിശുദ്ധ റൂഹായുടെ മണവാട്ടിയായ മാതാവേ!......... !!
ദൈവത്വത്തിന്റെ ആലയമായ മാതാവേ!.........
പരിശുദ്ധ ത്രിത്വത്തിന്റെ ശോഭയുള്ള ശോശാന പുഷ്മായ മാതാവേ!.........
സ്വർഗ്ഗസേനകൾക്ക് അംഗീകാരയോഗ്യമായ പനിനീർ പുഷ്പമായ മാതാവേ!.........
കന്യകമാരിൽ കന്യകയായ മാതാവേ!.........
ബലമുള്ള കന്യകയായ മാതാവേ!......... !! വിനയം നിറഞ്ഞ മാതാവേ!.........
സ്വർഗ്ഗീയ രാജാവു തിരുമനസ്സോടെ നിന്നിൽനിന്ന് ജനിക്കുകയും
നിന്റെ മുലപ്പാൽ കുടിക്കുകയും ചെയ്ത മാതാവേ!.........!!
സഹദേന്മാരുടെ രാജ്ഞിയായ മാതാവേ!.........
കഷ്ടതകളാകുന്ന കത്തികൊണ്ട് കുത്തുകൊണ്ട മാതാവേ!.........
സൃഷ്ടികളുടെ നാഥയും ഗുരുവുമായ മാതാവേ!.........
സ്വർഗ്ഗത്തിലും ഭൂമിയിലും കാര്യനിവൃത്തിക്ക് പ്രാപ്തി ലഭിക്കപ്പെട്ട മാതാവേ!.........
എന്റെ ഹൃദയരാജ്ഞിയും ആശ്രയവും വഴിയുമായ മാതാവേ!.........
വളരെ കരുണയുള്ള മാതാവേ!......... !! വിസ്മയിക്കത്തക്ക മാതാവേ!......... !!
കൃപനിറഞ്ഞ മാതാവേ!.........!!
കർത്താവ് നിന്നോടുകൂടെ സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു.
നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹ വാഴ്ത്തപ്പെട്ടവനാകുന്നു.
നിനക്കു വിവാഹം നിശ്ചയിക്കപ്പെട്ട മോർ യൗസേഫ് അനുഗ്രഹിക്കപ്പെട്ടവനാകുന്നു.
നിന്റെ പിതാവായ യൂയാക്കീം അനുഗ്രഹിക്കപ്പെട്ടവനാകുന്നു.
നിന്റെ മാതാവായ ഹന്ന അനുഗ്രഹിക്കപ്പെട്ടവളാകുന്നു.
നിന്റെ പുത്രനായ മോർ യോഹന്നാൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.
നിന്നോടറിയിച്ച മോർ ഗബ്രിയേൽ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.
നിന്നെ തെരഞ്ഞെടുത്ത ആദ്യന്തമില്ലാത്ത പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.
നിന്നെ സ്നേഹിച്ച നിന്റെ പുത്രനായ യേശുമിശിഹ വാഴ്ത്തപ്പെട്ടവനാകുന്നു.
നിന്നെ നിയമിച്ച പരിശുദ്ധ റൂഹാ വാഴ്ത്തപ്പെട്ടവനാകുന്നു.
ഭാഗ്യമുള്ള കന്യകയായ മാതാവേ!
നിന്നെ പ്രിയപ്പെടുന്ന എല്ലാ മനുഷ്യരും നിന്നെ പുകഴ്ത്തുന്നു. നിത്യകന്യകയായ മാതാവേ
നിന്റെ വാത്സല്യപുത്രനോടുകൂടെ നീ ഞങ്ങളെ അനുഗ്രഹിക്കേണമേ.,
കൃപനിറഞ്ഞവളും സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളും
ദൈവമാതാവുമായ മർത്തമറിയാമേ! നിന്നോടു പ്രാർത്ഥിക്കുന്ന
ഞങ്ങളെ നീ മറന്നു കളയരുതേ.
നിന്റെ പ്രാർത്ഥനമൂലം ഞങ്ങളും ഞങ്ങൾക്കുള്ള എല്ലാവരും ഞങ്ങളുടെ
മരിച്ചുപോയവരും കരുണകൾക്കും പാപമോചനത്തിനും
യോഗ്യരായിത്തീരുകയും ചെയ്യണമേ. ആമ്മീൻ,

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!........
കൃപനിറഞ്ഞ മറിയമേ!.........